പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 575 28.09.2011-ൽ മറുപടിയ്ക്ക്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി
ആരോഗ്യ പാക്കേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി ആരോഗ്യ പാക്കേജ് ആരോഗ്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | ആരോഗ്യം നിർണ്ണയിക്കുന്നതിൽ മുഖ്യ പങ്കു വഹിക്കുന്ന കുടിവെള്ളം സാനിറ്റേഷൻ, ഖരമാലിന്യ നിർമ്മാർജനം തുടങ്ങിയ വിവിധ മേഖലകളിലെ പ്രവർത്തനങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ടുള്ള തദ്ദേശ സ്വയംഭരണ തലത്തിലുള്ള അടുത്ത വർഷത്തേക്കുള്ള സമഗ്ര ആരോഗ്യ പ്ലാനുകൾ താഴെ തട്ടിൽ നിന്നും തയ്യാറാക്കി ജില്ലാതലത്തിൽ ക്രോഡീകരിക്കുന്ന ഒരു സമഗ്ര ആരോഗ്യ പ്ലാനിംഗ് പരിപാടി ആലപ്പുഴ ജില്ലയിൽ (കോംപ്രിഹെൻസീവ് ഹെൽത്ത് പ്ലാൻ) ഉം ജി.ഒ.(ആർ;റ്റി)നം.2529/11/ എച്ച്& എഫ്.ഡബ്ലിയൂ.ഡി.തി.13.07.11 അനു സരിച്ച് ആരംഭം കുറിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ എല്ലാ പഞ്ചായത്തുകളും, മുൻസിപ്പാലിറ്റികളും ജില്ലാപഞ്ചായത്തും, ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പഞ്ചായത്തും മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി സമഗ്ര ആരോഗ്യ പദ്ധതി തയ്യാറാക്കി.ഈ പദ്ധതികൾ വിവിധ തലങ്ങളിൽ അവലോകനം ചെയ്ത് വിദഗ്ദ പരിശോധനയ്ക്കായി ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. മറ്റു ജില്ലകളിലും ഇത്തരത്തിലുള്ള പ്രവർത്തനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| **(ബി)** | പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ? | **(ബി)** | ഈ പ്രവർത്തനങ്ങൾക്ക് പ്രത്യേക തുകയൊന്നും വകയിരുത്തിയിട്ടില്ല. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പ്ലാൻ സ്കീമുകൾ, സംസ്ഥാനപ്ലാൻ സ്കീം, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, പ്രാദേശിക വികസന ഫണ്ടുകൾ (എം.പി. എം.എൽ.എ.) തുടങ്ങിയവയുടെ ക്രോഡീകരണത്തിലൂടെയുള്ള വിഭവ സമാഹരണമാണ് വിഭാവനം ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**